ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ചിട്ടിപ്പണം കിട്ടാൻ കാലതാമസം ഉണ്ടാകുന്നതായി പരാതി

25 [42] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ചിട്ടിപിടിച്ച ചിറ്റാളൻമാർക്ക് ചിട്ടിപ്പണം കിട്ടാൻ വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ കിട്ടിയിട്ടുണ്ടായിരുന്നു.

(ബി) കാലതാമസം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ കൊടുത്തിട്ടുണ്ട്.

ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ ശാഖകൾ

26 [43] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ കീഴിൽ നടപ്പുവർഷം എത്ര പുതിയ ശാഖകൾ തുറക്കുവാനാണുദ്ദേശിക്കുന്നത്;

(ബി) കഴിഞ്ഞവർഷം എത്ര പുതിയ ശാഖകൾ സ്ഥാപിച്ചു;

(സി) എല്ലാ താലൂക്ക് ഹെഡ്കാർട്ടേഴ്സിലും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിലും ബ്രാഞ്ചുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11 (പതിനൊന്ന്).

(ബി) 8 (എട്ട്).

(സി) പ്രവർത്തനം പ്രോൽസാഹകരമെന്ന് ബോദ്ധ്യപ്പെടുന്ന എല്ലാ പ്രദേശങ്ങളിലും ശാഖകൾ തുറക്കുവാൻ ഉദ്ദേശമുണ്ട്.

പുതിയ സബ്ട്രഷറികൾ

27 [44] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ പുതിയതായി എത്ര സബ്ട്രഷറികൾ തുറക്കുവാൻ പദ്ധതി ഉണ്ടായിരുന്നു; എവിടെയെല്ലാം;

(ബി) അവയിൽ എവിടെയെല്ലാം എത്ര എണ്ണം തുറന്നു കഴിഞ്ഞു;

(സി) ബാലുശ്ശേരിയിൽ ഒരു സബ്ട്രഷറി തുറക്കാൻ വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിൽ ഉടൻ വേണ്ട നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയതായി പതിനെട്ട് (18) സബ്ട്രഷറികളും തുറക്കുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവ എവിടെയെല്ലാമാണെന്ന വിവരം ഇതിനോടു ചേർത്തിരിക്കുന്ന അനുബന്ധത്തിൽ കാണിച്ചിട്ടുണ്ട് †. എല്ലാം ഈ നടപ്പുവർഷത്തിൽ തുറക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

(ബി) അരീക്കോട്, കൊടുവള്ളി, ശ്രീകണ്ഠപുരം എന്നീ സ്ഥലങ്ങളിൽ ഈ സാമ്പത്തിക വർഷത്തിൽതന്നെ ട്രഷറികളും തുറന്നു പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) ബാലുശ്ശേരിയിൽ ഒരു പുതിയ സബ് ട്രഷറി ആരംഭിക്കണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. പ്രാഥമിക അന്വേഷണത്തിൽ അവിടെ ഒരു സബ് ട്രഷറിക്കുള്ള സാദ്ധ്യത ഇല്ലാത്തതിനാൽ മേൽനടപടികളും എടുത്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

Representations from the Arecanut Cultivators

28 [45] **Sri M. Ramappa:** Will the Finance Minister be pleased to state:

(a) Whether representations have been received from the arecanut cultivators of Kasaragod area for the remission of agricultural income tax, because of failure of crop due to 'Mahali' attack;

(b) If so, what action has been taken on the representation;

(c) What is the total amount of remission of tax allowed;

(d) What is the total number of cultivators benefited?

Answer

(a) A representation had been received on 19-10-1978 from the arecanut cultivators of Kasaragod area.

(b, c, d) A detailed enquiry was conducted through the Board of Revenue (Taxes). The Board of Revenue has issued instructions to the Agricultural Income Tax Officers to conduct a village-war enquiry in the disease affected area of arecanut crop and to consider the reports of enquiry at the time of finalisation of assessments. The present assessments are being completed only after inspecting the agricultural holdings. The Agricultural Income Tax Officers have also instructions not to levy penalty for default of payment of A.I.T. by the arecanut growers of the disease affected area. Under the circumstances the question of exemption of arecanut growers from A.I.T. or remission of tax as demanded in the memorandum does not arise.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly